| 19-10-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- പഠിപ്പ് ഒരിയ്ക്കലും മുടക്കരുത്, പഠിപ്പിക്കുന്ന അച്ഛനിൽ അഖണ്ഡമായ നിശ്ചയം ഉണ്ടാകുമ്പോഴേ പഠിപ്പിന്റെ ലഹരി ഉണ്ടാകൂ, നിശ്ചയബുദ്ധി കളായ കുട്ടികൾക്കേ സേവനം ചെയ്യാൻ സാധിക്കൂ.**

**ചോദ്യം-** ബാപ്ദാദയ്ക്ക് കുട്ടികളുടെ ഏതൊരു കാര്യം കേൾക്കുമ്പോളാണ് വളരെ സന്തോഷം തോന്നുന്നത്?

**ഉത്തരം-** എപ്പോഴാണോ കുട്ടികൾ സേവനത്തിന്റെ വാർത്തകൾ അടങ്ങിയ കത്തെഴുതുന്നത്- ബാബാ, ഇന്ന് ഞാൻ ഇന്നയാൾക്ക് മനസ്സിലാക്കിക്കൊടുത്തു, അവർക്ക് രണ്ട് അച്ഛന്മാരുടെ പരിചയം നൽകി........ ഇങ്ങനെ ഇങ്ങനെയെല്ലാം സേവനം ചെയ്തു. അപ്പോൾ ബാബ ആ കത്തുകൾ വായിച്ച് വളരെ സന്തുഷ്ടനാകുന്നു. ഓർമ്മയും സ്നേഹവും സൗഖ്യവും ക്ഷേമവും എഴുതുന്നതുകൊണ്ട് ബാബയുടെ വയറു നിറയുന്നില്ല. ബാബ തന്റെ സഹായികളായ കുട്ടികളെ കണ്ട് സന്തോഷിക്കുന്നു അതിനാൽ സേവനം ചെയ്ത് അതിന്റെ വാർത്ത ബാബയ്ക്ക് എഴുതണം.

**ഗീതം-** നടക്കൂ പോകാം അമ്മേ...............

**ഓംശാന്തി**. കുട്ടികൾക്ക് അറിയാം മുള്ളുകളുടെ ലോകത്തിൽ നിന്നും പൂക്കളുടെ ലോകത്തിലേയ്ക്ക് പോകണം. സത്യയുഗീ ലോകത്തെ ദൈവീകപുഷ്പങ്ങളുടെ ലോകം എന്നാണ് പറയുക. കലിയുഗത്തിൽ മനുഷ്യർ മുള്ളിനു സമാനമാണ്. പരസ്പരം ദുഃഖിപ്പിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ സന്തോഷമുണ്ടാകുന്നു എന്തെന്നാൽ ഇപ്പോൾ നമ്മൾ ആ ദൈവീക പുഷ്പങ്ങളുള്ള സുഖധാമത്തിലേയ്ക്ക് പോവുകയാണ്. പോകുന്നതിനുള്ള രഹസ്യവും മനസ്സിലാക്കിക്കൊടുക്കണം. നല്ലരീതിയിൽ പഠിച്ചാലേ പോകാൻ പറ്റൂ. പഠിപ്പിക്കുന്നത് ആരാണ്? എന്ന നിശ്ചയമാണ് ആദ്യം വേണ്ടത്. ഈ കാര്യങ്ങളൊന്നും വേദങ്ങളിലോ ശാസ്ത്രങ്ങളിലോ എഴുതിവെച്ചിട്ടില്ല. ഗീതയിൽ രാജയോഗം എന്ന് നന്നായി എഴുതിവെച്ചിട്ടുണ്ട്, രാജധാനിയ്ക്കായുള്ള പഠിപ്പാണെങ്കിൽ തീർച്ചയായും സത്യയുഗീ രാജധാനിയല്ലേ നൽകുക. ആദ്യം പഠിപ്പിക്കുന്നതാരാണെന്ന നിശ്ചയം വേണം. ഇത് ഒരു സാധുവോ, സന്യാസിയോ, മനുഷ്യനോ അല്ല. ഇത് നിരാകാരനാണ്. സർവ്വാത്മാക്കളുടേയും അച്ഛനാണ്- പരമപിതാ പരമാത്മാവ്. ആർക്കാണോ കല്പം മുമ്പത്തെപ്പോലെ നിശ്ചയം ഉണ്ടാകേണ്ടത് അവർക്കുതന്നെയാണ് നിശ്ചയം ഉണ്ടാവുക. നിങ്ങൾ കാണുന്നുണ്ട് പുഷ്പങ്ങളുടെ ലോകമായ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുവേണ്ടി എല്ലാവരും അവരവരുടെ പുരുഷാർത്ഥത്തിലാണ്. ആദ്യംതന്നെ നിശ്ചയമുണ്ടായാൽ ഉടനെ പഠിപ്പിൽ മുഴുകും. ശാസ്ത്രങ്ങളിൽ കൃഷ്ണഭഗവാനു വാചാ എന്ന് എഴുതിയിട്ടുണ്ട് കൂടെത്തന്നെ രുദ്രജ്ഞാനയജ്ഞം എന്നും എഴുതിയിരിക്കുന്നു. അപ്പോൾ ഇത് ജ്ഞാനത്തിന്റെ കാര്യമായി. മനുഷ്യരാണെങ്കിൽ കൃഷ്ണന് ഓടക്കുഴൽ നൽകിയിരിക്കുന്നു. പാട്ടുണ്ടല്ലോ ഭഗവാനേ അങ്ങയുടെ മുരളിയിൽ ഇന്ദ്രജാലമുണ്ട്. ഇപ്പോൾ ഓടക്കുഴലിൽ ഈശ്വരന്റെ ഇന്ദ്രജാലമുണ്ടാവുക സാധ്യമല്ല. കൃഷ്ണന് മുഖത്തിലൂടെ ഓടക്കുഴൽ വായിക്കാൻ സാധിക്കും. കൃഷ്ണന്റെ കുട്ടിക്കാലം മാത്രമാണ് കാണിക്കുന്നത്, ഒരുമിച്ച് കളിച്ചു രസിക്കുന്നു. ഇത് മനസ്സിലാക്കാൻ യോഗ്യമായ കാര്യങ്ങളാണ്. കുട്ടികൾ മനസ്സിലാക്കി ഇത് രാജയോഗമാണ് അർത്ഥം രാജ്യം പ്രാപ്തമാക്കുന്നതിനുള്ള പഠിപ്പ് പഠിപ്പിക്കുന്ന ആളുമായി യോഗം വെയ്ക്കുക. ബാബ സന്മുഖത്ത് വന്ന് പഠിപ്പിക്കുകയാണ്. ഇവിടെ ഓടക്കുഴലിന്റെ കാര്യമില്ല. ഇവിടെയുള്ള കാര്യങ്ങൾ വ്യത്യസ്തമാണ്. നിരാകാരനായ ഭഗവാൻ സ്വയം വന്ന് പഠിപ്പിക്കുന്നു എന്നത് ആർക്കും അറിയില്ല. കൃഷ്ണന്റെ ഓടക്കുഴൽ വായിക്കുന്നതിനെക്കുറിച്ചും പറയുന്നു, കൃഷ്ണന്റെ ഓടക്കുഴൽ വായനയിൽ ഈശ്വരന്റെ ഇന്ദ്രജാലമുണ്ട്. എങ്കിൽ ഈശ്വരൻ മറ്റൊരാളായില്ലേ. കൃഷ്ണനെ ഈശ്വരൻ എന്നു പറയില്ല. ഈശ്വരൻ ഈശ്വരൻ തന്നെയാണ്, ഈശ്വരനെയാണ് ജാലവിദ്യക്കാരൻ എന്നു പറയുന്നത്. ജാലവിദ്യക്കാരൻ സ്വയം വന്ന് ഇന്ദ്രജാലം കാണിക്കുകയാണ്, സാക്ഷാത്ക്കാരം ചെയ്യിക്കുകയാണ്. എന്നിട്ട് ഉയർന്ന പദവി നേടിത്തരാൻ പഠിപ്പിക്കുന്നു. മീരയും വൈകുണ്ഢം കണ്ടു, ആനന്ദനൃത്തം ചെയ്തു, പക്ഷേ മീര രാജയോഗം പഠിച്ചിരുന്നില്ല. രാജയോഗത്തിന്റെ കാര്യം ഒരു ശാസ്ത്രത്തിലുമില്ല. മീരയെ പഠിപ്പിക്കാൻ ആരും ഉണ്ടായിരുന്നില്ല. മീരയുടെ പേര് ഭക്തമാലയിലാണുള്ളത്. ഇത് ജ്ഞാനമാലയാണ്. രാത്രി-പകലിന്റെ വ്യത്യാസമുണ്ട്. നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു- നമ്മൾ എത്ര ജ്ഞാനമെടുക്കുമോ അത്രയും ഉയർന്ന പദവി നേടും. ഭക്തമാലയും തീർച്ചയായും ഉണ്ട് അതിലും നമ്പർവൈസാണ്. അവരുടെ പേര് വളരെ പ്രശസ്തമാണ്. ഈ ജ്ഞാനം ആരിലുമില്ല. അതിനാൽ മനസ്സിലാക്കണം ഈ ജ്ഞാനം നൽകുന്നയാൾ സർവ്വശക്തിവാനായ അച്ഛനാണ്. ഇതിനെയാണ് ബ്രഹ്മാ മുഖകമലത്തിലൂടെ ബ്രാഹ്മണരെ രചിച്ചു

അവർക്ക് മുഴുവൻ വേദശാസ്ത്രങ്ങളും കേൾപ്പിച്ചു എന്ന് പറയുന്നത്. ശിവബാബയ്ക്ക് ശാസ്ത്രങ്ങൾ നൽകാൻ സാധിക്കില്ല എന്തെന്നാൽ ബാബ നിരാകാരനാണ്. അതിനാൽ ബ്രഹ്മാവിലൂടെ മനസ്സിലാക്കിത്തരുന്നു. ഈ യുക്തി രചിച്ചിരിക്കുകയാണ്. പക്ഷേ ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കിത്തരുന്നത് ആ ഒരാളാണ്. ബ്രഹ്മാവിലൂടെ സാരം മനസ്സിലാക്കിക്കൊടുത്തു എന്നു കരുതുന്നു എങ്കിൽ മനസ്സിലാക്കിക്കൊടുക്കുന്നത് രണ്ടാമത് ഒരാളല്ലേ. ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലിൽ കാണുകയാണ് ജ്ഞാനസാഗരനും നമ്മുടെ പിതാവുമായ ശിവബാബ സന്മുഖത്ത് ഇരിക്കുന്നു. ഭാരതത്തിൽ തന്നെയാണ് വരുന്നത് തീർച്ചയായും ആരുടേയെങ്കിലും ശരീരത്തിലാണ് വരുക. ഇത് ബ്രഹ്മാവിന്റെ ശരീരമാണ്. പ്രജാപിതാ ബ്രഹ്മാവ് തീർച്ചയായും വേണം. അച്ഛൻ വന്ന് പ്രജാപിതാ ബ്രഹ്മാവിലൂടെയാണ് ബ്രാഹ്മണധർമ്മം സ്ഥാപിക്കുന്നത്. ധർമ്മത്തെ എങ്ങനെയാണ് രചിക്കുന്നത്? ഇതും നിങ്ങൾക്ക് അറിയാം. നിങ്ങൾ പ്രാക്ടിക്കലിൽ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. ഞങ്ങൾ ബ്രാഹ്മണ ബ്രാഹ്മണികളാണ് എന്ന് പറയാറില്ലേ. അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുകയാണ്. ശിഷ്യന്മാർക്ക് ഒരിയ്ക്കലും സമ്പത്ത് എടുക്കാൻ കഴിയില്ല. മക്കളാണ് അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുക. നിങ്ങൾ ഇവിടെ വന്ന് പരിധിയില്ലാത്ത കുട്ടികളായി മാറി. ക്രിസ്തുവിനെ പിന്തുടരുന്നവർ എന്നാണ് പറയുക, മക്കൾ എന്നു പറയില്ല. ബുദ്ധന്റെ, ഗുരുനാനാക്കിന്റെയെല്ലാം പിന്തുടർച്ചക്കാർ എന്നാണ് പറയുക, മക്കൾ എന്നല്ല. ഇവിടെ നിങ്ങൾ മക്കളാണ്. പ്രജാപിതാ ബ്രഹ്മാവും അച്ഛനാണ് ശിവബാബയും അച്ഛനാണ്. ശിവബാബ നിരാകാരനാണ്, ബ്രഹ്മാബാബ സാകാരത്തിൽ വേറെയാണ്. ഈ സാകാരനിലൂടെയാണ് ശിവബാബ കുട്ടികളെ രചിച്ചത്. ഇപ്പോൾ നിങ്ങളിലും ചിലർക്ക് നല്ല പക്കാ നിശ്ചയമുണ്ട്, ചിലർക്ക് ഇല്ല. വളരെ വലിയ ലോട്ടറിയാണ്.

നിങ്ങൾക്ക് ശരീരനിർവ്വഹണാർത്ഥം കർമ്മവും ചെയ്യണം പിന്നീട് ഈ ജ്ഞാനവും പഠിക്കണം. ആ പഠിപ്പിൽ വളരെ പരിശ്രമിക്കണം. ഇവിടെയും അച്ഛൻ പറയുന്നു ഒരു മണിക്കൂർ അല്ലെങ്കിൽ അര മണിക്കൂർ തീർച്ചയായും പഠിക്കൂ. ശരി, അഥവാ എന്തെങ്കിലും കാരണത്താൽ ദിവസവും പഠിക്കാൻ കഴിയുന്നില്ലെങ്കിൽ 7 ദിവസം പഠിച്ചിട്ട് പിന്നീട് മുരളിയുടെ ആധാരത്തിൽ മുന്നോട്ട് പോകാൻ സാധിക്കും. ലക്ഷ്യത്തെ അറിയണം, ബാക്കി മനസ്സിലാക്കാനുള്ളത് കൊമ്പും ചില്ലയും ഇലകളുമാണ്, അതെല്ലാം ഈ ചക്രത്തിൽ വരും. നിങ്ങൾക്ക് 84 ജന്മങ്ങളുടെ രഹസ്യവും മനസ്സിലാക്കിത്തന്നു. വൃക്ഷത്തിൽ വിസ്താരമായും ചക്രത്തിൽ സാരത്തിലും കൊടുത്തിരിക്കുന്നു. മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇത് വൈവിദ്ധ്യമായ മനുഷ്യ സൃഷ്ടിയുടെ ധർമ്മമാണ്. ആദ്യം ഒരു ധർമ്മമേയുണ്ടാകൂ പിന്നീട് വൃദ്ധി പ്രാപിക്കുന്നു. എങ്ങനെയാണ് അടിത്തറയിട്ടത് എന്നത് വൃക്ഷത്തിൽ കാണിച്ചിരിക്കുന്നു. എത്ര സഹജമായ രഹസ്യമാണ്! ഡ്രാമയേയും വൃക്ഷത്തേയും മനസ്സിലാക്കണം, ബുദ്ധിയിൽ ധാരണ ചെയ്യണം, പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. രണ്ട് അച്ഛന്മാരുടെ പോയിന്റ്സ് തീർച്ചയായും പറഞ്ഞുകൊടുക്കണം. പരിധിയില്ലാത്ത അച്ഛനിൽ നിന്നും സ്വരാജ്യം ലഭിക്കുന്നു അതിനുവേണ്ടി രാജയോഗം തീർച്ചയായും പഠിക്കണം. പരമപിതാ പരമാത്മാവാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത് അതിനെത്തന്നെയാണ് കൃഷ്ണപുരി എന്നും പറയുന്നത്. കംസപുരിയിൽ കൃഷ്ണപുരി സ്ഥാപിക്കാൻ കഴിയില്ല അതിനാലാണ് സംഗമയുഗം ഉള്ളത്. നിങ്ങൾ കുട്ടികൾക്ക് ഇത് സംഗമയുഗമാണ് ബാക്കി മനുഷ്യർക്ക് ഇത് കലിയുഗമാണ്. നിങ്ങൾ തന്നെയാണ് സംഗമയുഗത്തിൽ നിന്ന് സത്യയുഗത്തിലേയ്ക്ക് പോകുന്നത്, ഈ നിശ്ചയം വേണം. ഇപ്പോൾ നമ്മൾ സംഗമത്തിലാണ്. സംഗമയുഗം ഓർമ്മയിലുണ്ടെങ്കിൽ സത്യയുഗം ഓർമ്മവരും പിന്നെ സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നവരുടേയും ഓർമ്മയുണ്ടാകും. ഗീതയിൽ തെറ്റ് എഴുതിവെച്ചു. ഗീതയോട് ഉപമിക്കാൻ കഴിയുന്നത് കേവലം ഭാഗവതം, മഹാഭാരതം എന്നിവ മാത്രമാണ്.

അച്ഛൻ മനസ്സിലാക്കിത്തരുന്നു– നിങ്ങൾ എല്ലാവരും സീതമാരും ഞാൻ രാമനുമാണ്. നിങ്ങൾ രാവണരാജ്യമാകുന്ന ലങ്കയിൽ പെട്ടിരിക്കുന്നു, അല്ലാതെ ആ ലങ്കയില്ല. രാവണന് പ്രത്യേകം രാജ്യമൊന്നുമില്ല. സത്യയുഗത്തിൽ ലങ്ക ഉണ്ടാകില്ല. ആ ഭാഗത്ത് ബുദ്ധ ധർമ്മമാണ്. ഇപ്പോൾ ബുദ്ധധർമ്മം വളരെ വ്യാപിച്ചിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ഭാരതം ആദ്യം പൂർണ്ണ പവിത്രമായിരുന്നു, ഒരു ദേവതാധർമ്മമേ ഉണ്ടായിരുന്നുള്ളൂ. ആദ്യമാദ്യം ഈ നിശ്ചയത്തെ പക്കാ ആക്കണം ഇതെന്റെ പരിധിയില്ലാത്ത അച്ഛനാണ്, അവരിൽ നിന്നും സമ്പത്ത് എടുക്കണം, പുരുഷാർത്ഥത്തിൽ ഒരിയ്ക്കലും കുനിയരുത്. നിശ്ചയമില്ലാതെ എങ്ങനെ പുരുഷാർത്ഥം ചെയ്യും? അച്ഛൻ പഠിപ്പിക്കുകയാണ്, അച്ഛനിൽ നിന്നും സ്വർഗ്ഗത്തിന്റെ, സദാ സുഖത്തിന്റെ സമ്പത്ത് ലഭിക്കുകയാണ്, ഇത് നിശ്ചിതമാണ്. സ്ക്കൂളിൽ നിശ്ചയവും ലക്ഷ്യവുമില്ലാതെ ഇരിക്കില്ലല്ലോ. അവിടെ അനേകം വിഷയങ്ങളുണ്ടാകും, മാർജിനുണ്ടാകും. ഇവിടെ ഒരു വിഷയമേയുള്ളൂ. ഒരു വിഷയത്തിൽ നിന്ന് എത്ര വലിയ രാജധാനിയാണ് സ്ഥാപിക്കുന്നത്. ആരാണോ പഠിക്കാത്തത് അവർ പഠിച്ചവരുടെ മുമ്പിൽ കുനിയും. പ്രജകളിലും നല്ലപ്രജയ്ക്കു മുന്നിൽ കുറഞ്ഞധനമുള്ള പ്രജ കുമ്പിടും. പ്രജകളും നമ്പർവൈസല്ലേ. ചിലർ ധനവാനും ചിലർ പാവപ്പെട്ടവരും, ഒരാൾക്ക് മറ്റൊരാ

ളുമായി സാമ്യമുണ്ടാകില്ല. ഈ ഡ്രാമ എങ്ങനെയുണ്ട്! പാർട്ട് അഭിനയിക്കാൻ വേണ്ടി എല്ലാവരുടേയും വിശേഷതകൾ ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. എത്ര ഗുഹ്യമായ കാര്യങ്ങളാണ് ഇത് ധാരണചെയ്ത് മനസ്സിലാക്കിക്കൊടുക്കണം. എല്ലാം മനസ്സിലാക്കിക്കൊടുക്കാൻ പറ്റില്ല. എത്ര നല്ല കാര്യങ്ങളാണ് മനസ്സിലാക്കിത്തരുന്നത്. നിശ്ചയത്തിലാണ് വിജയം. നിശ്ചയമുണ്ടെങ്കിലേ പഠിക്കൂ. ചിലർ സംശയബുദ്ധിയായി പഠിപ്പ് ഉപേക്ഷിക്കുന്നു. ഈ മായ പെട്ടെന്ന് കൊടുങ്കാറ്റ് കൊണ്ടുവന്ന് സംശയത്തിൽ തള്ളിയിടും. സംശയബുദ്ധിയ്ക്ക് വിനാശമുണ്ടാകും. കയറിയാൽ വൈകുണ്ഢരസം അനുഭവിക്കാം വീണാലോ തവിടുപൊടിയാകും. വലിയ വ്യത്യാസമുണ്ട്. വീണാൽ തീർത്തും ചണ്ഢാലനാകും കയറിയാൽ ചക്രവർത്തിയും. മുഴുവനും പഠിപ്പിന്റെ ആധാരത്തിലാണ്. നിരാകാരനായ അദ്ധ്യാപകൻ എങ്ങനെയുണ്ടാകും എന്ന് മുമ്പ് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ! ഇപ്പോൾ ശിവബാബയിലൂടെ നിങ്ങൾ കേൾക്കുന്നു. നിങ്ങൾക്ക് നിശ്ചയമായി– ഞാൻ നിങ്ങളുടെ അച്ഛനാണ്, പതിതപാവനനുമാണ്, ജ്ഞാനസാഗരനുമാണ്. ജ്ഞാനത്തിലൂടെ ചക്രവർത്തിയായി മാറണം, ഈ നിശ്ചയം വേണ്ടേ. നിശ്ചയത്തിലാണ് മായ വിഘ്നമിടുന്നത്. ശത്രു മുന്നിൽ നിൽക്കുകയാണ്. നിങ്ങൾക്ക് അറിയാം മായ നമ്മുടെ ശത്രുവാണ്, മിനിറ്റിന് മിനിറ്റിന് ചതിക്കും, പഠിപ്പിൽ സംശയം ഉണ്ടാക്കും. സംശയത്താൽ വളരെ അധികം കുട്ടികൾ പഠിപ്പ് ഉപേക്ഷിക്കുന്നു. പഠിപ്പ് ഉപേക്ഷിച്ചു അർത്ഥം അച്ഛൻ, ടീച്ചർ, സദ്ഗുരുവിനെ ഉപേക്ഷിച്ചു. അവരാണെങ്കിൽ ഗുരുവിനെ മാറ്റിക്കൊണ്ടേയിരിക്കും. അനേകം ഗുരുക്കന്മാരുടെ അടുത്തേയ്ക്ക് പോകും. ഇവിടെ ഒരേഒരു സദ്ഗുരുവാണുള്ളത്. ബാബ തന്റെ മഹിമചെയ്യുകയല്ല. അച്ഛൻ തന്റെ പരിചയം നൽകുകയാണ്. ഭക്തർ പാടാറില്ലേ ശിവായ നമ:, അങ്ങ് മാതാവും പിതാവുമാണ്......... എന്നാൽ ഒന്നും അറിയുന്നില്ല കേവലം പാടുകയും പൂജിക്കുകയും ചെയ്യുന്നു. നിങ്ങൾ ഇപ്പോൾ അറിഞ്ഞുകഴിഞ്ഞു ശിവൻ ആരാണ്? ശിവനുശേഷം വരുന്നത് ബ്രഹ്മാവും സരസ്വതിയും. ലക്ഷ്മീ നാരായണൻ പിന്നീടാണ് വരുന്നത്. ആദ്യം ശിവബാബ പിന്നീട് ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ. അച്ഛൻ പറയുന്നു ഞാൻ ആദ്യം ബ്രഹ്മാവിൽ പ്രവേശിക്കുന്നു, ആദ്യം ഇവരെയാണ് രചിക്കുന്നത്. ആദ്യം ബ്രഹ്മാവിലൂടെ സ്ഥാപന പിന്നീട് ബ്രഹ്മാവുതന്നെയാണ് വിഷ്ണുവായി മാറി പാലിക്കുന്നത്. ഈ മുഴുവൻ പോയിന്റും കുറിച്ചുവെയ്ക്കണം. പിന്നീട് ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കണം. ചിലർ വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കും. ബാബയുടെ കാര്യമേ വേറെയാണ്. ചിലപ്പോൾ ശിവബാബ മനസ്സിലാക്കിക്കൊടുക്കും ചിലപ്പോൾ ബ്രഹ്മാവും. നിങ്ങൾ എപ്പോളും കരുതണം– ശിവബാബയാണ് മനസ്സിലാക്കിത്തരുന്നത്. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകും. നിങ്ങൾ ചിന്തിക്കൂ– ശിവബാബ ഇവരിലൂടെ പുതിയ പുതിയ പോയിന്റ്സ് കേൾപ്പിക്കുന്നു, വളരെ യുക്തിപൂർവ്വമാണ് മനസ്സിലാക്കിത്തരുന്നത്. അതുകൊണ്ട് കുട്ടികൾ മനസ്സിലാക്കുകയും വേണം. ആദ്യം നിശ്ചയം പക്കയാക്കണം. 7 ദിവസംകൊണ്ട് തന്നെ നല്ല നിറം പകരാൻ സാധിക്കും. പക്ഷേ മായയും വളരെ തീവ്രമല്ലേ. ആദ്യമാദ്യം നിശ്ചയമിരിക്കണം പരമപിതാ പരമാത്മാവ് സ്വർഗ്ഗത്തിന്റെ രചയിതാവാണ്, എങ്കിൽ തീർച്ചയായും അവരായിരിക്കണം രാജയോഗം പഠിപ്പിച്ചത്. കൃഷ്ണന് പഠിപ്പിക്കാൻ സാധിക്കില്ല. കൃഷ്ണൻ വരുന്നത് തന്നെ സത്യയുഗത്തിലാണ്. സ്വർഗ്ഗത്തിന്റെ രചയിതാവ് ശിവബാബയാണ്. അഥവാ ആരെങ്കിലും പറയുകയാണ് കൃഷ്ണന്റെ ശരീരത്തിലാണ് വന്നത് പക്ഷേ കൃഷ്ണന് ആ രൂപത്തിൽ വരാൻ സാധിക്കില്ല. അവർ വരുന്നത് സത്യയുഗത്തിലാണ്. ബാബ ആരുടേയെങ്കിലും ഗർഭത്തിലൂടെ ജന്മമെടുക്കില്ല. ഇവരുടെ ശരീരത്തിൽ പ്രവേശിച്ച് ഇവരുടെ തന്നെ പരിചയം നൽകുന്നു ഞാൻ എന്തിനാണ് ഇവർക്ക് ബ്രഹ്മാവ് എന്ന പേര് നൽകിയത്? ഇവരാണ് ആരംഭം മുതൽ അവസാനം വരെ പാർട്ട് അഭിനയിക്കുന്നത്. നിങ്ങൾക്കും വളരെ നല്ല നല്ല പേരുകളാണ് വെച്ചിരിക്കുന്നത്. എത്ര കുട്ടികളുടെ പേര് വന്നു. അത്ഭുതമല്ലേ, പെട്ടെന്ന് തന്നെ നൂറ്–നൂറ്റമ്പത് പേരുകൾ വന്നു. ഇത്രയും പേര് ആ ബ്രാഹ്മണർക്ക് നൽകാൻ കഴിയില്ല. സന്ദേശി എത്രപെട്ടെന്ന് പേര് കൊണ്ടുവന്നു. പരിധിയില്ലാത്ത അച്ഛനാണ് പേരുവെച്ചത്. അത്ഭുതകരമായ അച്ഛനും അത്ഭുതകരമായ ലക്ഷ്യവും.

നിങ്ങൾ രാജാക്കന്മാരുടേയും രാജാവാകും. ലക്ഷ്മീ നാരായണന്റെ ചിത്രം വളരെ വ്യക്തമാണ്. മുകളിൽ ത്രിമൂർത്തികളുടെ ചിത്രം കൃത്യമാണ്. 84 ജന്മങ്ങൾ തീർച്ചയായും എടുക്കണം. കലിയുഗത്തിന്റെ അന്ത്യം പതിതം, സത്യയുഗത്തിന്റെ ആരംഭം പാവനം. കുട്ടികൾ സേവനത്തിന്റെ തെളിവ് നൽകണം– ബാബാ, ഞങ്ങളും ചെറിയ ചെറിയ നോട്ടീസുകൾ അടിച്ചിട്ടുണ്ട്. മുകളിൽ ശിവനും ത്രിമൂർത്തികളും രണ്ട് അച്ഛന്മാരുടെ പരിചയവും ഉണ്ടാകണം. ഈ പോയിന്റ്സ് തീർച്ചയായും ഉണ്ടാകണം. ഇങ്ങനെയുള്ള നോട്ടീസുകൾ അടിച്ച് വളരെ അധികം സേവനം ചെയ്ത് വാർത്ത നൽകണം, അപ്പോൾ ബാബയുടെ ഹൃദയത്തിൽ കയറാം. കത്തിൽ സൗഖ്യം മാത്രം അറിയിച്ചാൽ പോരാ സേവനത്തിന്റെ കാര്യങ്ങളും എഴുതണം, ബാബ ഇന്ന ഇന്ന കാര്യങ്ങൾ ചെയ്തു. കേവലം സ്നേഹവും ഓർമ്മയും അറിയിച്ചിട്ട് ബാബയുടെ വയറ് എങ്ങനെ നിറയും. ഇന്ന് ഇന്നയാൾക്ക് മനസ്സിലാക്കിക്കൊടുത്തു, ഇന്ന് പതിയുടെ സേവനം ചെയ്തു, വളരെ നന്നായിരുന്നു സന്തോഷമായി, ഇങ്ങനെ ഇങ്ങനെ സേവനം ചെയ്തു, വാർത്തകൾ അച്ഛന് എഴു

തണം. രണ്ട് അച്ഛന്മാരുടെ പോയിന്റ് മുഖ്യമാണ്. പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം നൽകുന്നയാൾ. നിങ്ങൾ എത്ര മധുര മധുരമായ കുട്ടികളാണ്. ബാബ മനസ്സിലാക്കിത്തരുന്നു ഇതെല്ലാം ദത്തെടുത്ത കുട്ടികളാണ്. ഇത്രയും അധികം പേർ ധർമ്മത്തിന്റെ സന്താനങ്ങളാവുക എന്നതു തന്നെയാണ് സാധ്യമായ കാര്യം. അവർ ധർമ്മത്തെ പിന്തുടരുന്നവരാണ്. ഇവിടെ നിങ്ങൾ കുട്ടികളാണ്, അച്ഛനും ഇങ്ങനെയുള്ള കുട്ടികളെക്കണ്ട് സന്തുഷ്ടനാകുന്നു. ഇതെല്ലാം എന്റെ കുട്ടികളാണ്. ഇപ്പോൾ അന്തിമ പാർട്ട് അഭിനയിക്കുകയാണ്. സ്വർഗ്ഗത്തിന്റെ സ്ഥാപനയിൽ എന്നെ സഹായിക്കുന്നതിനായി എന്റെ സഹായിയായി മാറിയിരിക്കുന്നു. ഇതാണ് രുദ്രനായ ശിവബാബയുടെ രാജസ്വ അശ്വമേധ ജ്ഞാനയജ്ഞം. ശിവബാബ എങ്ങനെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്? ആദ്യം ബ്രഹ്മാവ്, ബ്രാഹ്മണരിലൂടെ രുദ്രജ്ഞാനയജ്ഞം രചിക്കുന്നു അതിലൂടെ സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകുന്നു. അതിനാൽ തീർച്ചയായും ബ്രാഹ്മണർക്കുതന്നെ യജ്ഞത്തെ സംരക്ഷിക്കണം. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1. നിശ്ചയബുദ്ധിയായി മാറി പഠിക്കണം. ഒരിയ്ക്കലും ഒരു കാര്യത്തിലും സംശയം വരരുത്. നിശ്ചയത്തിൽ തന്നെയാണ് വിജയം.

2. അച്ഛന് കൂട്ടായി സ്വർഗ്ഗത്തിന്റെ സ്ഥാപനയുടെ കാര്യത്തിൽ പരിപൂർണ്ണ സഹായിയായി മാറണം. യജ്ഞത്തിന്റെ സംരക്ഷണം ചെയ്യുന്നവരായ പക്കാ ബ്രാഹ്മണനായി മാറണം.

### വരദാനം:– ജ്ഞാനസ്വരൂപരായി മാറി കർമ്മതത്ത്വത്തെ അറിഞ്ഞ് നടക്കുന്നവരായ കർമ്മബന്ധനമുക്തരായി ഭവിക്കട്ടെ.

പല കുട്ടികളും ആവേശത്തിൽ വന്ന് എല്ലാം ഉപേക്ഷിച്ച് മാറിയിരുന്ന് അശരീരിയാകുന്നു, പക്ഷെ മനസ്സിനെ കർമ്മക്കണക്കുകൾ കാരണം പിടിച്ചുവലിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധി അലഞ്ഞുകൊണ്ടിരിക്കുന്നു, ഇതും ഒരു വലിയ വിഘ്നമായി മാറുന്നു. അതിനാൽ ആരിൽ നിന്നെങ്കിലും മാറിയിരിക്കണമെന്ന് തോന്നുമ്പോൾ നിമിത്തമായ ആത്മാവിനോട് അഭിപ്രായം തേടൂ, എന്തുകൊണ്ടെന്നാൽ ഇത് കർമ്മതത്ത്വമാണ്. ബലം പ്രയോഗിച്ച് മുറിക്കുന്നതിലൂടെ മനസ്സ് ഇടക്കിടെ അലഞ്ഞുകൊണ്ടിരിക്കും. അതിനാൽ ജ്ഞാനസ്വരൂപരായി മാറി കർമ്മ തത്ത്വത്തെ അറിഞ്ഞ് അഭിപ്രായം തേടൂ എങ്കിൽ സഹജമായി കർമ്മബന്ധനത്തിൽ നിന്ന് മുക്തമാകും.

### സ്ലോഗൻ:– തന്റെ സ്വമാനത്തിന്റെ സീറ്റിൽ സെറ്റായിരിക്കൂ എങ്കിൽ മായ താങ്കളുടെ മുന്നിൽ അടിയറവ് പറയും.